കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മാന്നാർ ഗ്രാമപഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് - 2001-02 ഖണ്ഡിക 2 (3) - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.3569/12/തസ്വഭവ. തിരുവനന്തപുരം, തീയതി:22.12.2012

---

പരാമർശം: 1. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.4.12-ലെ ഇ 6.5681/12 നമ്പർ കത്ത്.
2. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13.8.2012-ലെ നമ്പർ എൽ.എഫ്/പി.റ്റി1/12779/12 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 1.10.2012-ലെ എം3-27465/12 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷത്തിൽ സാങ്കേതികാനുമതി ഇല്ലാതെ നടത്തിയ 14 പൊതുമരാമത്ത് പ്രവർത്തികൾക്ക് ചെലവഴിച്ച 72,018/- രൂപ , തൻവർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.3 പ്രകാരം തടസ്സപ്പെടുത്തുകയും ആയതിന് സാധൂകരണം വേണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവർത്തിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1)-ലെ കത്ത് പ്രകാരം ആലപ്പുഴ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് സൂചന (3) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെലവിന്റെ ഉദ്ദേശ്യ ശുദ്ധി ബോദ്ധ്യപ്പെട്ടതിനാലും മറ്റു ക്രമക്കേടുകൾ നടന്നിട്ടില്ലെന്ന വസ്തുത ഉൾക്കൊണ്ടും 2.3 ഖണ്ഡിക സാധൂകരണത്തിന് പരിഗണിക്കാവുന്നതാണെന്ന് സൂചന 2-ലെ കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ മാന്നാർ ഗ്രാമപഞ്ചായത്തിലെ 2001-02 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.3 പ്രകാരം തടസ്സപ്പെടുത്തിയ സാങ്കേതികാനുമതി ഇല്ലാതെ മാന്നാർ ഗ്രാമപഞ്ചായത്തിൽ 2001-02 വർഷത്തിൽ നടത്തിയ 14 പൊതുമരാമത്ത് പ്രവർത്തികൾക്ക് 72,018/- രൂപ (എഴുപത്തിരണ്ടായിരത്തി പതിനെട്ടു രൂപ മാത്രം) ചെലവഴിച്ച മാന്നാർ ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.രാജൻ ഖോബ്രാ ഗഡേ,
സെക്രട്ടറി.

[redacted] അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.
[redacted] ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
[redacted] ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം.
[redacted] ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
[redacted] പഞ്ചായത്ത്, തിരുവനന്തപുരം.